കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 1, ബുധൻ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2000 മാർച്ച് 1-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... ചോദ്യം നമ്പർ 211-ഉം 213-ഉം.

1 (*211) മഹിളാപ്രധാൻ ഏജന്റുമാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകിവരുന്ന കമ്മീഷൻ എത്രയാണ്; ഈ കമ്മീഷൻ നിരക്കിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് പെൻഷൻ നൽകണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനാവശ്യമായ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഇ) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി രൂപീകരിച്ചു കഴിഞ്ഞോ എന്ന് അറിയിക്കുമോ;

(എഫ്) എങ്കിൽ പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ജി) എന്നുമുതൽ പദ്ധതി പ്രവർത്തനം ആരംഭിക്കും എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ,

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മഹിളാ പ്രധാൻ ഏജന്റുമാർക്ക് സംസ്ഥാന സർക്കാർ 2.5 ശതമാനം മുതൽ 4 ശതമാനം വരെ പ്രതിമാസം പ്രോത്സാഹന അലവൻസും 1.25 ശതമാനം വാർഷിക ബോണസും നൽകുന്നു. കേന്ദ്ര സർക്കാർ 4 ശതമാനം പ്രതിമാസ കമ്മിഷനും നൽകുന്നുണ്ട്. ഇതിനുപുറമേ ഏജന്റുമാർക്ക് ഇൻഷ്വറൻസും ക്ഷേമനിധി ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകി വരുന്നു.

(ബി) 31-12-1999 വരെ മഹിളാ പ്രധാൻ ഏജന്റുമാർക്ക് കേന്ദ്ര സർക്കാർ 5 ശതമാനം കമ്മീഷൻ നൽകിയിരുന്നു. എന്നാൽ 01-01-2000-ൽ കമ്മീഷൻ 4 ശതമാനമായി കുറച്ചു.

(സി) ഉണ്ട്.

(ഡി)-(ജി) പെൻഷൻ പദ്ധതിയെക്കുറിച്ച് സമഗ്രമായ നിർദ്ദേശം സമർപ്പിക്കാൻ സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചതിനുശേഷം പെൻഷൻ നൽകുന്നതിനായി ഉത്തരവ് നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ജി.ഒ. താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

2 (*213) മഹിളാപ്രധാൻ ഏജന്റുമാരുടെ ആനുകൂല്യങ്ങൾ

ശ്രീമതി എൻ.കെ. രാധ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി സ്വരൂപിക്കുന്ന പ്രധാൻ ഏജന്റുമാർക്ക് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പെൻഷൻ പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ:

(ബി) മഹിളാ പ്രധാൻ ഏജന്റുമാർക്ക് കമ്മീഷൻ ലഭിക്കുന്നതിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly